പുനലൂരിലെ മൊത്തവ്യാപാര ഡിപ്പോയിൽ നിന്ന് അരി കടത്തിക്കൊണ്ടുപോകാൻ ശ്രമം നടത്തിയതായ വാർത്ത

64 [2681] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിലെ 2-ാം നമ്പർ ന്യായവില മൊത്ത വ്യാപാര ഡിപ്പോയിൽ നിന്ന് പത്ത് ടൺ അരി ലോറിയിൽ കടത്തിക്കൊണ്ടുപോകാൻ എന്തെങ്കിലും ശ്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 2004 സെപ്റ്റംബർ 23-ാം തീയതി മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിൻപ്രകാരം പുനലൂർ പോലീസ് കേസെടുക്കുകയും ഡെപ്യൂട്ടി തഹസിൽദാരുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ എന്ന് പറയുമോ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും താലൂക്ക് സപ്ലൈ ഓഫീസറെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പോലീസ് പിടിച്ചെടുത്ത അരി റേഷനരിയാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പുനലൂർ പോലീസ് കേസെടുക്കുകയും പുനലൂർ ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസീൽദാരുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പത്തനാപുരം താലൂക്ക് സപ്ലൈ ആഫീസർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ആഫീസർ, താലൂക്കിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ താലൂക്കിലെ എല്ലാ മൊത്തവ്യാപാര കേന്ദ്രങ്ങളിലും ഏതാനും റേഷൻ കടകളിലും പരിശോധന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരിശോധനയിൽ പുനലൂരിലെ രണ്ടാം നമ്പർ മൊത്തവ്യാപാര ഡിപ്പോ ഒഴികെയുള്ള മറ്റ് മൊത്തവ്യാപാര ഡിപ്പോകളിലോ റേഷൻ കടകളിലോ സ്റ്റോക്കിൽ വ്യത്യാസമൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്നും എന്നാൽ രണ്ടാം നമ്പർ മൊത്തവ്യാപാര ഡിപ്പോയിൽ 115 കി. ഗ്രാം അരി കുറവും 22 കി. ഗ്രാം ഗോതമ്പ് കൂടുതലും കണ്ടു പിടിച്ചതായും റിപ്പോർട്ടിൽ പറയുന്നു. കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാന ത്തിൽ ഈ മൊത്തവ്യാപാര ഡിപ്പോയുടെ അംഗീകാരം താല്ക്കാലികമായി സസ്പെന്റു ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടുണ്ട്.

(എഫ്) പോലീസ് പിടിച്ചെടുത്ത അരിക്ക് എഫ്. സി. ഐ.-യിൽ നിന്നും വിവിധ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന അരിയോടു സാമ്യമുണ്ടെങ്കിലും അത് പൊതുവിതരണത്തിനായി മൊത്ത/ചില്ലറ വ്യാപാര കേന്ദ്രത്തിൽ നിന്നും നൽകിയ അരിയാണെന്ന് വ്യക്തമായിട്ടില്ല.

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പൊതുവിതരണ കേന്ദ്രങ്ങൾ

65 [2682] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പൊതുവിതരണ കേന്ദ്രങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇതിൽ നിലവിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് പഞ്ചായത്തടി സ്ഥാനത്തിൽ അറിയിക്കാമോ;

(സി) കടകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്താമോ;

(ഡി) റേഷൻ സാധനങ്ങൾ മറിച്ച് വിറ്റതിന് മണ്ഡലത്തിലെ ഏതെങ്കിലും കടയുടമകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവരുടെ പേരുവിവരം അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly